യിരുന്ന ഒരു സ്ഥലമാണ്. ചെല്ലാനം പഞ്ചായത്തിലെ വില്ലേജാഫീസു വരെ വെള്ളം കിട്ടുമ്പോഴും അതിനപ്പുറമുള്ള മൂന്നു വാർഡുകളിൽ തീരെ വെള്ളം കിട്ടുന്നില്ല. അവിടെയിട്ടിരിക്കുന്ന പഴയ പൈപ്പിന് കുഴപ്പമുണ്ടെന്നുള്ള കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഞാൻ നേരിട്ട് കണ്ടതാണ് മൂന്നാം വാർഡിന്റെ അതിർത്തി വരെയുള്ള സ്ഥലത്ത് ഒരു തോടുണ്ട്. പുതിയ പൈപ്പിൽ വെള്ളം കിട്ടിക്കൊണ്ടിരിക്കുമ്പോഴും തൊട്ടപ്പുറത്തെ പഴയ ടാപ്പിൽ വെള്ളം കിട്ടാതെ ജനങ്ങൾ കാത്തിരിക്കുകയാണ്. ഒരു തുള്ളി വെള്ളത്തിനുവേണ്ടി ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. അവിടെ വെള്ളത്തിനുവേണ്ടി ജനങ്ങളാകെ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ് ഇത് പരിഹരിക്കുന്നതിന് ബൂസ്റ്റർ പമ്പ് ഉപയോഗിച്ചാൽ പ്രയോജനമുണ്ടാകുമെന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു ബൂസ്റ്റർ പമ്പ് വച്ചിട്ടുണ്ട്: അത് വച്ചിട്ട് കഴിഞ്ഞ നാലു മാസമായി എന്നിട്ടും അവിടെ യാതൊരു മെച്ചവും വന്നിട്ടില്ല. ഇതിനു മുൻപ് ഗവൺമെന്റ് എറണാകുളത്തു നിന്ന് 16 മണിക്കൂറാണ് ചെല്ലാനം പഞ്ചായത്ത് ഉൾപ്പെടെ കൊച്ചിയുടെ പടിഞ്ഞാറൻ മേഖലയിൽ വെള്ളം പമ്പ് ചെയ്തിരുന്നത്. ഇപ്പോഴത് ആറു മണിക്കൂറായി കുറച്ചു. ആ ഗ്രാമം പ്രത്യേകിച്ച് കടലോര പ്രദേശമായതുകൊണ്ടും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായതുകൊണ്ടും, കൂടെ കൂടെ പകർച്ച വ്യാധിയുള്ള സ്ഥലമായതുകൊണ്ടും അടിയന്തിരമായി അവിടത്തെ ജലവിതരണ സംവിധാനം ആകെയൊന്ന് പരിശോധിച്ച് ആ പൈപ്പിലെ കേടുപാടുകളും തീർക്കാനും, കൂടുതൽ മണിക്കൂർ വെള്ളം പമ്പ് ചെയ്തു അവിടെ ശുദ്ധജലം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ചെല്ലാനം പ്രദേശത്ത് വിശാല കൊച്ചി ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടാണ് ഇപ്പോഴും ജലം വിതരണം ചെയ്യുന്നത്. ആലുവയിലെ പെരിയാറിലെ വെള്ളം ശുദ്ധീകരിച്ച് അത് വിശാല കൊച്ചിയിലേക്കും വീണ്ടും ചെല്ലാനത്തേക്കും കൂടി കൊടുക്കുകയാണ്. ഇപ്പോഴും ഇവിടെ വന്നിരിക്കുന്ന കുഴപ്പം കപ്പാസിറ്റിയുടെ കുറവാണ്. കാരണം, പെരിയാറിലെ വെള്ളത്തിന്റെ ഉറവിടം ഒന്നുതന്നെയാണ്. അവിടെ നിന്ന് വന്ന് ചെല്ലാനം പഞ്ചായത്തിലെ തെക്കെ അറ്റത്തെ വാർഡുകളും ഈ ജലവിതരണ പദ്ധതിയുടെ അങ്ങേയറ്റത്തെ എൻഡാണ്. അങ്ങേയറ്റത്തെ എൻഡായതുകൊണ്ട് വെള്ളം പതുക്കെ നൂലിന്റെ വലിപ്പത്തിലേ വരികയുള്ളൂ. അതിന് ശേഷി കുറവാണ്. അല്ലാതെ ഞങ്ങളുടെ ആരുടെയും പിശകല്ല. പക്ഷേ 31 കോടി രൂപയുടെ ഒരു ആഗുമെന്റേഷൻ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. ആ 31 കോടി രൂപയുടെ ആഗുമെന്റേഷൻ ജല വിതരണ പദ്ധതി വിശാല കൊച്ചി മേഖലയിൽ നടപ്പിലാക്കുന്നതോടുകൂടി ഇപ്പോഴത്തെ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകും. അത് എക്സ്പെഡൈറ് ചെയ്യാം എന്ന് ബഹുമാന്യപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

(2) കുറ്റിക്കോടൻ ഖദീജയുടെ കൊലപാതകം

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ പുൽപ്പറ പഞ്ചായത്തിൽ പാലക്കോട് എന്ന് പറയുന്ന പ്രദേശത്തിൽ 1984 സെപ്റ്റംബർ മാസത്തിൽ കുറ്റിക്കോടൻ ഖദീജ എന്ന് പറയുന്ന ഒരു സ്ത്രീ അതിദാരുണമാം വിധം കൊലചെയ്യപ്പെടുകയുണ്ടായി. നാലു മക്കളുടെ മാതാവായ ഖദീജയുടെ കൊലപാതകം ആ ഗ്രാമത്തെയാകെ

LIBRARY ARCHIVES Kerala Legislative Assembly

ദുഃഖത്തിലാഴ്ത്തുകയും മാത്രമല്ല, ഭീതിജനകമായ ഒരു അന്തരീക്ഷം തന്നെ അവിടെ ഉണ്ടാകുകയുമാണ് ചെയ്തത്. നിരവധി തവണ സർവ്വ കക്ഷി സമരങ്ങളും, പ്രതിഷേധങ്ങളും എല്ലാം ഉണ്ടായിട്ടും ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ആ ഗ്രാമത്തിൽ ഇന്നും ഭീതിജനകമായ ഒരു അന്തരീക്ഷം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചാർജ് ഏറ്റെടുത്തതിനുശേഷം നിരവധി കൊല പാതക കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യുകയുണ്ടായി. സരസ്സൻ സംഭവത്തിന്റെ യഥാർത്ഥ സ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ബേബി ജോണിനെപ്പോലും അപമാനകരമായ വാർത്തകളിൽ നിന്ന് അദ്ദേഹം രക്ഷ പ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെത്ത സാഹചര്യത്തിൽ എന്റെ മണ്ഡലത്തിൽ നടന്ന അതിദാരുണമായ ഈ കൊലപാതകത്തിൽ യഥാർത്ഥ പ്രതികളെ കണ്ടു പിടിക്കുവാൻ ക്രൈം ബ്രാഞ്ച് ആണോ, ലോക്കൽ പോലീസാണോ, ക്രൈം ഡിറ്റാച്ച്മെന്റ് ആണോ ആരാണ് ഈ അന്വേഷണം നടത്തുന്നതെന്നുപോലും വ്യക്തമല്ല. ഏതായാലും ഊർജ്ജിതമായ ഒരു അന്വേഷണം നടത്തി കൊല പാതകികളെ കണ്ടുപിടിക്കുകയും, ആ ഗ്രാമത്തിലെ ജനങ്ങളെ ഭീതിജനകമായ അന്തരീക്ഷത്തിൽ നിന്ന് മുക്തമാക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 17-7-1984—ലാണ് ഖദീജ എന്നു പറയുന്ന സ്ത്രീയെ കാണാതായത്. ഭർത്താവ് മൊഴി ചൊല്ലിയതിനെ തുടർന്ന് അവരുടെ ഉമ്മയുടെ വീട്ടിൽ താമസിക്കുകയായിരുന്നു അവർ. 21-7-1984-ൽ അവരുടെ പ്രേതം ചാക്കിൽ പൊതിഞ്ഞു കെട്ടിയ നിലയിൽ ഒരു വീടിന്റെ പടിഞ്ഞാറു വശത്തുള്ള കിണറ്റിൽ കാണപ്പെടുകയാണ് ചെയ്തത്. അതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങി. കാര്യമായ തെളിവൊന്നും കിട്ടിയിട്ടില്ല. ഇതിനെ സംബന്ധിച്ച് ഇപ്പോഴും ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്. ഭർത്താവ് മൊഴി ചൊല്ലിയതിനുശേഷം ഇങ്ങനെയൊരു സംഭവമുണ്ടായതിനെ സംബന്ധിച്ച് വളരെ സംശയാസ്പദമായ നില അവിടെ ഉണ്ട്. എങ്കിലും ശരി ക്രൈംബ്രാഞ്ച് കുറെകൂടെ വേഗത്തിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റവാളിയെ കണ്ടെത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(3) ശ്രീകണ്ഠപുരം-ചെമ്പിൽതൊട്ടി-നടുവിൽറോഡ്

ശ്രീ. കെ. സി. ജോസഫ് : സർ, വികസന പ്രവർത്തനങ്ങളിൽ മലബാറിലെ മലയോരമേഖലയോട് വേണ്ട പരിഗണന കാണിക്കുന്നില്ലെന്ന ആക്ഷേപമാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡല ത്തിൽപ്പെട്ട ശ്രീകണ്ഠപുരം-ചെമ്പിൽതൊട്ടി-നടുവിൽ റോഡിന്റെ രണ്ടാമത്തെ റീച്ചിന്റെ പണിക്ക് ഇനിയും ടെൻഡർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഭരണാ നുമതിയും സാങ്കേതികാനുമതിയും നൽകിയ ഈ റോഡിന്റെ പണിക്ക് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 30-7-1986—ൽ ഞാൻ ഇക്കാര്യം സഭയിൽ ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ തീർച്ചയായും ഇത് ടെൻഡർ ചെയ്യാമെന്ന് ഉറപ്പു നൽകിയതാണ്. അതിനെ സംബന്ധിച്ച് നിയമ സഭയിൽ രേഖകളും പരിശോധിച്ചാൽ വ്യക്ത മാകും. പക്ഷെ ഈ വർക്ക് ഇപ്പോഴും, ടെൻഡർ, ചെയ്തിട്ടില്ല. അതുപോലെ തന്നെയാണ് ചെമ്പിൽ കുടിയാൻമല റോഡിലെ മണ്ണംകുണ്ട് പാലത്തിന്റെ പണിയുടെ കാര്യവും ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകി ഈ പണിക്ക് ബഡ്ജറ്റിൽ ഏഴുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly